"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – തിരുവനന്തപുരം നഗരസഭയിലെ ഡ്രൈവർ ആയിരുന്ന പരേതനായ ശ്രീ. പി. ഗോപിയുടെ കുടുംബപെൻഷൻ അവിവാഹിതയും ആശ്രിതയുമായ മകൾ ശ്രീമതി. ബിന്ദുകുമാരി ജി.കെ.-യ്ക്ക് അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1456/2026/LSGD    തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-
1. ശ്രീമതി. ബിന്ദുകുമാരി ജി.കെയുടെ 17/12/2024 തീയതിയിലെ അപേക്ഷ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07/08/2025 തീയതിയിലെ LSGD/PD/21467/2025 - PENA3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ മരണപ്പെട്ട ശ്രീ. പി. ഗോപിയുടെ കുടുംബപെൻഷൻ അദ്ദേഹത്തിന്റെ ഭാര്യയും കുടുംബപെൻഷന് അർഹയുമായിരുന്ന ശ്രീമതി. ആർ. കമലമ്മയ്ക്ക് അനുവദിച്ചിരുന്നു. ശ്രീമതി. ആർ. കമലമ്മ 18.04.2024-ന് മരണപ്പെട്ടതിനെ തുടർന്ന്, പരേതനായ ജീവനക്കാരന്റെ 25 വയസ്സ് കഴിഞ്ഞ അവിവാഹിതയായ മകൾ ശ്രീമതി. ബിന്ദുകുമാരി ജി.കെ. കുടുംബപെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബപെൻഷൻ വാങ്ങിവരവെ മാതാവ് 18.04.2024-ന് മരണപ്പെട്ടതിനെ തുടർന്ന്, നിർദിഷ്ട സമയപരിധിയായ മൂന്ന് വർഷത്തിനുള്ളിൽ യോഗ്യതാ സർട്ടിഫിക്കറ്റായ വരുമാന സർട്ടിഫിക്കറ്റ് സഹിതം കുടുംബപെൻഷനായി ശ്രീമതി ബിന്ദുകുമാരി ജി.കെ. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തൈക്കാട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പ്രകാരം ശ്രീമതി ബിന്ദുകുമാരി ജി.കെ. നാളിതുവരെ വിവാഹിതയായിട്ടില്ലെന്നും, 30.10.2025-ന് തൈക്കാട് വില്ലേജ് ഓഫീസർ അനുവദിച്ച വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അവരുടെ വാർഷിക വരുമാനം ₹48,000/- (നാല്പത്തിയെട്ടായിരം രൂപ മാത്രം) ആണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. മരണപ്പെട്ട ശ്രീ പി. ഗോപിയുടെ കുടുംബപെൻഷൻ അദ്ദേഹത്തിന്റെ 25 വയസ്സ് കഴിഞ്ഞ അവിവാഹിതയായ മകളായ ശ്രീമതി ബിന്ദുകുമാരി ജി.കെ.യ്ക്ക് 01.05.2024 മുതൽ പ്രാബല്യത്തിൽ അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഞ്ജലിദേവി എ ജി

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
ശ്രീമതി. ബിന്ദുകുമാരി ജി.കെ, ഫ്ലാറ്റ് നമ്പർ 537, രാജാജി നഗർ, ജി.പി.ഒ, തിരുവനന്തപുരം-695001
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി(EU3/246/2025-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Sonu Jacob
Date: 06-08-2026
16:43:16

സെക്ഷൻ ഓഫീസർ